**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1862** **15-03-2022 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പിലെ സ്പെഷ്യൽ റൂൾസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് & സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തി പാസ്സാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ 151/75/പി.ഡബ്ല്യൂ തീയതി 18/8/1975, റിപ്പയർ ആന്റ് മെയിന്റനൻസ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ.81/88/പി.ഡബ്ല്യൂ.ആന്റ്.റ്റി. തീയതി 29/12/1988 എന്നിവയാണ്. പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ ഭേദഗതിവരുത്തി സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായുള്ള വിജ്ഞാപനത്തിന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | വകുപ്പിലെ ഒരു വിഭാഗം ജീവനക്കാരുടെ തസ്തികയുടെ പേര് കൂലി എന്നതിനുപകരം വർക്ക്ഷോപ്പ് അസിസ്റ്റന്റ് എന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | ബോട്ട്മാസ്റ്റർ ലൈസൻസ് ലഭിക്കുന്നതിൽ അപേക്ഷകർ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | തുറമുഖ വകുപ്പാണ് ബോട്ട് മാസ്റ്റർ ലൈസൻസ് നല്കുന്നത്. സമയബന്ധിതമായി ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ടി വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. തുറമുഖ വകുപ്പാണ് ബോട്ട് മാസ്റ്റർ ലൈസൻസ് നല്കുന്നത്. സമയബന്ധിതമായി ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ടി വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ